## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 1335

12.03.2015-ൽ മറുപടിയ്ക്ക്

### വാമനപുരം - ചിറ്റാർ റോഡ് നവീകരണം

| ചോദ്യം<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | ഉത്തരം<br>ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്തുവകുപ്പ് മന്ത്രി) |
|---|---|
| (എ) വാമനപുരം - ചിറ്റാർ റോഡ് നവീകരിക്കുന്നതിന് തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ. എത്ര കത്തുകൾ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) വാമനപുരം - ചിറ്റാർ റോഡ് നവീകരിക്കുന്നതിന് തുക അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് വാമനപുരം എം.എൽ.എ.യുടെ ഒരു കത്ത് ലഭിച്ചിട്ടുണ്ട്. |
| (ബി) ഈ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (ബി) ടി പ്രവർത്തിയ്ക്കായി 1665 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ധനവകുപ്പിൽ സമർപ്പിച്ചിരുന്നു. ഫണ്ടിന്റെ ലഭ്യതക്കുറവ് കാരണം കാണിച്ച് ഭരണാനുമതി നൽകിയിട്ടില്ല. |
| (സി) റോഡിന്റെ നവീകരണത്തിനായി വിവിധ സംഘടനകൾ സമരങ്ങളും പ്രക്ഷോഭങ്ങളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) വാമനപുരം മണ്ഡലത്തിലെ ഏറ്റവും ദൈർഘ്യമുള്ള ഈ റോഡ് ബി.എം & ബി.സി രീതിയിൽ പുന:രുദ്ധരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ഡി) ഈ വരുന്ന സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ